LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി പ്രധാനമന്ത്രിയുമായും കേന്ദ്ര റോഡ് ഗതാഗതവും ഹൈവേയും മന്ത്രിയുമായും മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തിയതിൻപ്രകാരം ലഭ്യമാകുന്ന വികസന പദ്ധതികൾ എന്തെല്ലാം; അവ പ്രാവർത്തികമാക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ (സിൽവർ ലൈൻ), തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ, അങ്കമാലി-ശബരി റെയിൽപ്പാത, തലശ്ശേരി-മൈസൂർ റെയിൽപ്പാത, കൊച്ചി മെട്രോ രണ്ടാം ഘട്ടം, തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പ്രോജക്ട്, എയർപോട്ട് വികസനം, കരിപ്പൂർ എയർപോർട്ട്, കോഴിക്കോട് എയർപോർട്ട്, ശബരിമല എയർപോർട്ട്, കോവിഡ്-19 വാക്സിനേഷൻ, കോവിഡ്-19-നോടനുബന്ധിച്ച് പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ, 15-ാം ധനകാര്യ കമ്മീഷന്റെ സെക്ടറൽ സ്പെസിഫിക്, സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റുകൾ സംബന്ധിച്ച ശിപാർശകൾ, 2021-22-ലെ വായ്പാ പരിധി സംബന്ധിച്ച നിബന്ധനകൾ നീക്കം ചെയ്യുക, ജി.എസ്.ടി നഷ്ടപരിഹാരം സമയബന്ധിതമായി ലഭ്യമാക്കുക, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവനകൾ സി.എസ്.ആറിന്റെ ഭാഗമാക്കുക (2021 ഡിസംബർ 31 വരെ) വായ്പാ തിരിച്ചടവിന് മൊറട്ടോറിയം അനുവദിക്കുക, തീരശോഷണം പ്രകൃതിദുരന്തമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, സംസ്ഥാനത്തിന് എയിംസ് അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുക, പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ ഭൂമിക്ക് സംസ്ഥാന സർക്കാർ വില നൽകണമെന്ന ആവശ്യം പുനഃപരിശോധിക്കുക, ബി.പി.സി.എൽ. സ്വകാര്യവത്ക്കരണത്തിനുള്ള നടപടിയിൽനിന്നും പിന്മാറുക, കൊച്ചിയിലെ പെട്രോകെമിക്കൽ കോംപ്ലക്സ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, ലക്ഷദ്വീപ് ഭരണകൂടം കൊച്ചിയിൽനിന്നും വിവിധ ഓഫീസുകൾ മാറ്റുന്ന നടപടിയിൽനിന്നും പിന്നോട്ടുപോകുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

നിയോജകമണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾ

2 (4725) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന ചെറുതും വലുതുമായ വികസന പ്രവർത്തനങ്ങളുടെ വിവരങ്ങളും നടപടിക്രമങ്ങളും അവയുമായി ബന്ധപ്പെട്ട ഉത്തരവുകളും യഥാസമയം ബന്ധപ്പെട്ട എം.എൽ.എ.മാരെ അറിയിക്കണമെന്ന ഉത്തരവ് നിലനിൽക്കുന്നുണ്ടോ;

&

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*. 11-6-2012-ലെ സ.ഉ. (എം.എസ്). നമ്പർ 142/2012/പൊഭവ)

(സി) പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

പ്രസ്തുത ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ചവരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് എല്ലാ വകുപ്പുകൾക്കും വകുപ്പുതലവൻമാർക്കും പാർലമെന്ററികാര്യ വകുപ്പ് പുറപ്പെടുവിച്ച 23-10-2017-ലെ പാ.കാ.വ.-എ 2/205/2017-പാ.കാ.വ. സർക്കുലർ പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭരണപരിഷ്കാര കമ്മീഷൻ ശിപാർശകൾ

3 (4726) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്കാര കമ്മീഷൻ ഇതുവരെ എത്ര ശിപാർശകളാണ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നാലാം ഭരണപരിഷ്കാര കമ്മീഷൻ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഭരണപരിഷ്കാര കമ്മീഷൻ സർക്കാരിൽ സമർപ്പിച്ച ശിപാർശകളിൽ ഒന്നായ "Capacity Development of Civil Servants-Kerala" എന്ന ശിപാർശയിന്മേൽ സർക്കാർ നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഭരണപരിഷ്കാര കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടായ "Capacity Development of Civil Servants-Kerala" എന്നതിലെ ശിപാർശകൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സെക്രട്ടറിതല സമിതി വിലയിരുത്തി അഭിപ്രായം സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly